Page 1 of 1

ആഗ്രഹിക്കുന്നു. ഇതോടൊപ്പം തന്നെ ബഹുമാന്യനായ ടി. എൻ. പ്രതാപനെ ഞാൻ എയർപോർട്ടിൽ വച്ച് കണ്ടിരുന്നു. കാര്യങ്ങളൊക്കെ അന്വേഷിക്കുകയും ചെയ്തിരുന്നു. അത് ഔപചാരികമായിട്ട് മറ്റ് ആളുകൾ ചെയ്തതുപോലെ വന്നുകണ്ട് ചോദിച്ച് ചെയ്തിട്ടില്ല എന്ന് മാത്രമേയുള്ളൂ. അത് ചെയ്യാൻ കഴിയാതെ പോയതിൽ എനിക്ക് വിഷമമുണ്ട്. ഏതായാലും ഈ സഭയിൽ വരുന്നതിനുമുമ്പുതന്നെ നിങ്ങളുമായി ഞാൻ സംസാരിച്ചിരുന്നു എന്നുള്ള കാര്യം ഇവിടെ ഉന്നയിച്ചതുകൊണ്ട് ഞാൻ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം തന്നെ ശ്രീ. മുരളി പെരുനെല്ലി ഉന്നയിച്ച പ്രശ്നം പോലീസിന്റെ ഭാഗത്തുനിന്നുള്ള ഒരു അതിക്രമമല്ല. അത് മറ്റ് രാഷ്ട്രീയ പാർട്ടികളുടെ ഭാഗത്തുനിന്നുള്ള അതിക്രമമാണ്. ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ നമ്മളെല്ലാവരും ഒരുമിച്ച് ശ്രമിക്കണം. യൂസഫ് ആക്രമിക്കപ്പെട്ട ഒരു സംഭവം കുറച്ചുമുമ്പേ ഉണ്ടായി.......... എല്ലാവരും അങ്ങനെ തട്ടിപ്പാണെന്നാണ് പറയുന്നത്. നിങ്ങളുടെ ഒരു ആക്ഷേപം വന്നാൽ ഞാൻ തട്ടിപ്പാണെന്ന് പറഞ്ഞാൽ മതിയോ? അപ്പോൾ ജനപ്രതിനിധികൾ ആരുതന്നെ ആയാലും ആക്രമണത്തിന് വിധേയമാകുന്ന അവസ്ഥ ഉണ്ടായിക്കൂടാ. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഈ കാര്യങ്ങൾക്കെല്ലാം ഒരേ തരത്തിലുള്ള നിലപാട് സ്വീകരിക്കുമെന്ന കാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ.-മാർക്കുണ്ടായ അനുഭവങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയും മന്ത്രി മറുപടി പറയുകയും ചെയ്തു. തീർച്ചയായിട്ടും ബഹുമാനപ്പെട്ട ജനപ്രതിനിധികൾക്ക് ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട ആളുകളെല്ലാം ശ്രദ്ധിക്കണം എന്നാണ് ചെയറിന് പറയാനുള്ളത്.

## VII. ക്രമപ്രശ്നം

### റിപ്പോർട്ട് സമർപ്പിക്കൽ

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, റിപ്പോർട്ട് സമർപ്പണവുമായി ബന്ധപ്പെട്ട റൂൾ ഞാൻ വായിക്കാം. Rule 204 (I) The report of a Committee shall be presented to the Assembly by the Chairman or in his absence by any member of the Committee. സബ്ജക്ട് കമ്മിറ്റി അങ്ങ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്ന കമ്മിറ്റിയാണ്. അങ്ങാണ് ചെയർമാനെ നിയമിക്കുന്നത്. ആ കമ്മിറ്റിയുടെ ഒരംഗമാണ് റിപ്പോർട്ട് വയ്ക്കേണ്ടത്. ഇവിടെ റവന്യൂ വകുപ്പുമന്ത്രിക്ക് പകരം വിദ്യാഭ്യാസ വകുപ്പുമന്ത്രി റിപ്പോർട്ട് വയ്ക്കാൻ പാടില്ല. കാരണം വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ കമ്മിറ്റിയിൽ അംഗമല്ല. അതുപോലെ ലോക്കൽ അഡ്മിനിസ്ട്രേഷൻ മിനിസ്റ്റർക്കുവേണ്ടി പി.ഡബ്ള്യു.ഡി. മിനിസ്റ്റർ റിപ്പോർട്ട് വയ്ക്കാൻ പാടില്ല. കമ്മിറ്റിയിലെ ഒരു അംഗമേ വയ്ക്കാവൂ. അതുകൊണ്ട് റൂൾ 204 അനുസരിച്ച് ഈ റിപ്പോർട്ടുകൾ ഇവിടെ ലേ ചെയ്തതായിട്ട് കണക്കാക്കാൻ പറ്റില്ല. അത് ഓർഡറിൽ അല്ല.

## VIII. റൂളിംഗ്

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് ശരിയാണ്. റിപ്പോർട്ട് സമർപ്പിക്കേണ്ട ബന്ധപ്പെട്ട മന്ത്രി ഇല്ലെങ്കിൽ ആ കമ്മിറ്റിയിലെ മെമ്പർ തന്നെയായിരിക്കണം റിപ്പോർട്ട് സമർപ്പിക്കേണ്ടത്. ഇനി ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly